## ദൈവത്തിന്റെ ഭരണവും ക്രിസ്തീയ ജീവിതവും തമ്മിലുള്ള ബന്ധം

**I. പത്രൊസിന്റെ 1-ഉം 2-ഉം ലേഖനങ്ങൾ ദൈവത്തിന്റെ സാർവത്രിക ഭരണത്തെ സംബന്ധിച്ചാണ്**

- 1 പത്രൊസിന്റെ വിഷയം ദൈവത്തിന്റെ ഭരണത്തിൻ കീഴിലുള്ള ക്രിസ്തീയ ജീവിതമാണ്, ഇത് വിശേഷാൽ തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തോടുള്ള അവന്റെ ഇടപെടലുകളിൽ ദൈവത്തിന്റെ ഭരണത്തെ നമുക്ക് കാണിക്കുന്നു
- 2 പത്രൊസിന്റെ വിഷയം ദിവ്യസഹായവും ദിവ്യഭരണവുമാണ്, ദൈവം നമ്മെ ഭരിക്കുമ്പോൾ നമുക്ക് ആവശ്യമുള്ളതെല്ലാം അവൻ നമുക്ക് നൽകുന്നു എന്ന് നമ്മെ കാണിക്കുന്നു
- ന്യായംവിധിക്കുന്നതിലൂടെ ദൈവം ഭരിക്കുന്നു; ദൈവത്തിന്റെ ന്യായവിധി അവന്റെ ഭരണം നിർവഹിക്കുന്നതിനു വേണ്ടിയാണ്
- ദൈവത്തിന്റെ ഭരണത്തിലെ ശിക്ഷണപരമായ ന്യായവിധി ദൈവഭവനത്തിൽനിന്ന് ആരംഭിക്കുന്നു
  - അത് ഭാവിയിലുള്ള ന്യായവിധിയല്ല, മറിച്ച് തന്റെ മക്കളോടുള്ള ദൈവത്തിന്റെ ഭരണപരമായ ഇടപെടലുകൾ എന്ന ഇപ്പോൾ, ദിനംപ്രതിയുള്ള ന്യായവിധിയാണ്
  - തന്റെ ഭരണവുമായി പൊരുത്തപ്പെടാത്ത സകലത്തെയും ദൈവം ന്യായംവിധിക്കുന്നു;
  - ഈ ന്യായവിധിയുടെ ഉദ്ദേശ്യം നാം ദൈവത്തിനൊത്തവണ്ണം ആത്മാവിൽ ജീവിക്കേണ്ടതിനാണ്

**II. ക്രിസ്തീയ ജീവിതവും ദൈവത്തിന്റെ ഭരണവും ഒരു ജോഡിയായി ഒരുമിച്ചുപോകുന്നു എന്നു വെളിപ്പെടുത്തിക്കൊണ്ട് ക്രിസ്തീയ ജീവിതത്തെയും ദൈവത്തിന്റെ ഭരണത്തെയും അവൻ കൂട്ടിയോജിപ്പിക്കുന്നു എന്നതാണ് പത്രൊസിന്റെ എഴുത്തുകളുടെ അമൂല്യത (രണ്ടാമത്തെ താക്കോൽ പ്രസ്താവന)**

- ത്രിയേക ദൈവം ക്രിസ്തുവിൽ ഒരു നീണ്ട പ്രക്രിയയിലൂടെ കടന്നുപോകുകയും നമ്മിൽ വസിക്കുവാൻ ജീവൻ-നൽകുന്ന ആത്മാവായിത്തീരുകയും ചെയ്തു; ഇത് നമ്മുടെ ക്രിസ്തീയ ജീവിതത്തിനുവേണ്ടിയാണ്
- അതേസമയം, ത്രിയേക ദൈവം അപ്പോഴും പ്രപഞ്ചത്തിന്റെ സ്രഷ്ടാവും അതിന്റെ ഭരണാധികാരിയുമാണ്
- ഒരു ആത്മികജീവൻ ഉണ്ടായിരിക്കുന്നതിനും ഒരു പുതിയ സൃഷ്ടിയായിരിക്കുന്നതിനും നാം ദൈവത്തിൽനിന്ന് ജനിച്ചുവെങ്കിലും, നാം ഇപ്പോഴും പഴയ സൃഷ്ടിയിലാണ്. ഇക്കാരണത്താൽ, നമുക്ക് ദൈവത്തിന്റെ ഭരണപരമായ ഇടപെടലുകൾ ആവശ്യമാണ്

## കർത്താവിന്റെ മാതൃക

**III. കർത്താവായ യേശു ഭൂമിയിലായിരുന്നപ്പോൾ, അവൻ തികച്ചും ദൈവത്തിന്റെ ഭരണത്തിൻ കീഴിലുള്ള ഒരു മനുഷ്യജീവിതം നയിക്കുകയും, അവനോടു ബന്ധപ്പെട്ട സകലവും ദൈവത്തിന്റെ ഭരണത്തിന് ഭരമേൽപ്പിക്കുകയും ചെയ്തു**

- തന്റെ എല്ലാ അപമാനങ്ങളും മുറിവുകളും തന്റെ ഭരണത്തിൽ നീതിപൂർവം വിധിക്കുന്നവന്, അവൻ സ്വയം കീഴ്പ്പെടുത്തിക്കൊടുത്ത നീതിമാനായ ദൈവത്തിന്, കർത്താവ് ഭരമേല്പിച്ചുകൊണ്ടിരുന്നു; അവന്റെ ഭരണത്തെ അംഗീകരിച്ചുകൊണ്ട് ഈ നീതിമാനായ ദൈവത്തിൽ അവൻ തന്റെ ആശ്രയം വച്ചു
- ദൈവം ക്രിസ്തുവിനെ ഒരു മനുഷ്യനെന്ന നിലയിൽ ആലോചന നൽകിയപ്പോൾ, ക്രിസ്തുവിന്റെ ആന്തരിക ഭാഗങ്ങൾ ദൈവവുമായി ഒന്നായിരിക്കുകയും, ദൈവവുമായുള്ള അവന്റെ സമ്പർക്കത്തിലൂടെ അവൻ നിർദ്ദേശിക്കപ്പെടുകയും ചെയ്തു

## വിശ്വാസികൾ കർത്താവിനെ പിൻപറ്റുന്നത്

**IV. ക്രിസ്തുവിലുള്ള വിശ്വാസികളും ദൈവത്തിന്റെ മക്കളുമെന്ന നിലയിൽ നാം ദൈവത്തിന്റെ ഭരണത്തിൻ കീഴിൽ ഒരു ക്രിസ്തീയ ജീവിതം നയിക്കണം**

- നമ്മളാലല്ല, മറിച്ച് അത്തരമൊരു ജീവിതം നയിക്കുവാൻ നമ്മെ പ്രാപ്തനാക്കുന്ന ക്രിസ്തുവിലൂടെ
  - കഷ്ടങ്ങളിലൂടെ ദൈവത്തിന്റെ ഭരണപരമായ ഇടപെടലുകൾ സ്വീകരിക്കുവാൻ നമ്മെ പ്രാപ്തനാക്കുന്ന ക്രിസ്തുവിനെ പിൻപറ്റുന്നതിലൂടെ അവന്റെ പകർപ്പായി തീരുവാൻ
- ദൈവത്തിന്റെ ഭരണത്തിൻകീഴിൽ ഒരു ക്രിസ്തീയ ജീവിതം നയിക്കുന്നതിന്റെ മൂന്ന് പ്രധാന വശങ്ങൾ
  - നമ്മുടെ പരദേശവാസത്തിന്റെ സമയം വിശുദ്ധ ഭയത്തിൽ നാം കഴിക്കണം
  - ദൈവഭരണം നിർവഹിക്കുന്ന ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ നാം താഴ്ത്തപ്പെട്ടിരിക്കണം
  - വിശ്വസ്തനായ സ്രഷ്ടാവിന് നമ്മുടെ ദേഹികളെ നാം ഭരമേല്പിക്കണം. ദൈവം തന്റെ ഭരണത്തിൽ നമ്മെ ന്യായംവിധിക്കുമ്പോൾ, അവൻ തന്റെ സ്നേഹത്തിൽ വിശ്വസ്തതയോടെ നമ്മെ കരുതുന്നു; അവന്റെ ശിക്ഷണപരമായ ന്യായവിധിയെ നാം സഹിക്കുമ്പോൾ, നമ്മുടെ സ്രഷ്ടാവിന്റെ വിശ്വസ്തമായ കരുതലിന് നമ്മുടെ ദേഹികളെ നാം ഭരമേല്പിക്കണം
- ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ ദൈവത്തിന്റെ ഭരണത്തിൻകീഴിൽ നാം നീതിക്ക് ജീവിക്കേണ്ടതിന് ക്രിസ്തുവിന്റെ മരണത്തിൽ നാം പാപങ്ങൾക്ക് മരിച്ചു, അതായത് നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ നാം ദൈവത്തിന്റെ ഭരണത്തിൻകീഴിൽ സ്വതേ നീതിക്ക് ജീവിക്കേണ്ടതിന് ക്രിസ്തുവിന്റെ മരണത്തിൽ നാം പാപങ്ങളിൽനിന്നും വേർപെടുത്തപ്പെടുകയും, അവന്റെ പുനരുത്ഥാനത്തിൽ നാം ജീവിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു